**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1968** **14-10-2024 - ൽ മറുപടിയ്ക്ക്**

**പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം (പി.എം.ജെ.വി.കെ.) പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം (പി.എം.ജെ.വി.കെ.) പ്രകാരം സംസ്ഥാനം എത്ര പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും അവയിൽ എത്ര പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രധാനമന്ത്രി ജൻ വികാസ്കാര്യക്രം (പി.എം.ജെ.വി.കെ.) പദ്ധതിപ്രകാരം 2020-21-വർഷത്തിൽ 213.53 കോടി രൂപയുടെ 33 പ്രോജക്ടുകൾ കേന്ദ്ര ന്യൂനപക്ഷ മന്ത്രാലത്തിന്റെ അംഗീകാരത്തിന് സമർപ്പിച്ചിരുന്നു. ഇതിൽ 129.93 കോടി രൂപയുടെ 19 പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ 2022-23, 2023-24വർഷങ്ങളിലായി 425 കോടി രൂപയുടെ 38 പ്രൊപ്പോസലുകൾ ബന്ധപ്പെട്ട വകുപ്പുകളുടെ ശുപാർശ ഉറപ്പാക്കിക്കൊണ്ട് സംസ്ഥാന തല സമിതി (SLC) 20.01.2023, 25.08.2023 തീയതികളിലായി അംഗീകരിച്ച് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലത്തിന്റെ പരിഗണനയ്ക്ക് നൽകിയിട്ടുമുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ തിരുവനന്തപുരം ജില്ലയിൽ നിന്ന് എത്ര ശിപാർശകൾ സമർപ്പിച്ചിരുന്നെന്നും അവയിൽ അംഗീകാരം ലഭിച്ച പദ്ധതികൾ ഏതെല്ലാമാണെന്നും വർഷം തിരിച്ച് വിശദമാക്കാമോ? | (ബി) | തിരുവനന്തപുരം ജില്ലയിൽ നിന്ന് 22പ്രോജക്ടുകളുടെ ശിപാർശകൾ സമർപ്പിച്ചിരുന്നു. ഇതിൽ 9 പ്രോജക്ടുകൾ സംസ്ഥാനതല സമിതി അംഗീകരിച്ച് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇവയ്ക്ക് ഇതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ